## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6788 — 04.04.2018 -ൽ മറുപടിയ്ക്ക്

### ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ ഭവന രഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ലൈഫ് മിഷന്റെ ആവശ്യത്തിലേയ്ക്ക് സർവ്വേ നടത്തിയതിൻ പ്രകാരം കേരളത്തിൽ ആകെ 337598 ഭൂരഹിത ഭവന രഹിതരും 174956 ഭൂമിയുള്ള ഭവന രഹിതരുമാണ് ഉള്ളത്. |
| (ബി) | ഭവന നിർമ്മാണത്തിന് നിലവിൽ ഏതെല്ലാം പദ്ധതികളുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഭവന നിർമ്മാണത്തിനായി ഭവന നിർമ്മാണ ബോർഡു മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. ഗൃഹശ്രീ ഭവന പദ്ധതി<br>സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള/ റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം / താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന / എൻ.ജി.ഒ / കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബജറ്റിൽ വകയിരുത്തി ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 2. സാഫല്യം ഭവന പദ്ധതി<br><br>സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും സർക്കാർ/പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാക്കുന്നു.<br><br>3. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി<br><br>സർക്കാർ ജീവനക്കാർക്കു ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതി യാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി<br><br>സംസ്ഥാനത്ത് വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br><br>5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ<br><br>ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.<br><br>കൂടാതെ എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കുന്ന ലൈഫ് പദ്ധതിയും നിലവിൽ ഉണ്ട്. |
| (സി) | ഈ സർക്കാർ പുതുതായി എത്ര പേർക്ക് ഭവനം നൽകി എന്ന് വെളിപ്പെടുത്തുമോ? | (സി) | പുതിയ ഭവനങ്ങളുടെ നിർമ്മാണം 2018 ഏപ്രിൽ മുതൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Subha

സെക്ഷൻ ഓഫീസർ